**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജീവഹാനി സംഭവിച്ച പോലീസ് സേനാംഗങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എച്ച്. സലാം</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>2016 മേയ് മുതൽ ഇതുവരെ സംസ്ഥാനത്ത് കൃത്യനിർവ്വണത്തിനിടയിൽ അപകടത്തിൽപ്പെട്ട് എത്ര പോലീസ് സേനാംഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(എ)</td><td>2016 മേയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് കൃത്യനിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെട്ട് 11 പോലീസ് സേനാംഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table>
<tr><th>നമ്പർ</th><th>പേര്</th><th>റാങ്ക്</th></tr>
<tr><td>1</td><td>പ്രവീൺ .പി</td><td>CPO</td></tr>
<tr><td>2</td><td>വിപിൻ</td><td>CPO</td></tr>
<tr><td>3</td><td>അജേഷ്.കെ.വി</td><td>Gr.SCPO</td></tr>
<tr><td>4</td><td>സബറുദ്ദീൻ</td><td>Gr.SCPO</td></tr>
<tr><td>5</td><td>രാജാമണി</td><td>Gr.SCPO</td></tr>
<tr><td>6</td><td>വിൽസൺ വൈ</td><td>Gr.SCPO</td></tr>
<tr><td>7</td><td>ബാലു.എസ്</td><td>CPO</td></tr>
<tr><td>8</td><td>അജയകുമാർ</td><td>CPO</td></tr>
<tr><td>9</td><td>ശ്രീകല</td><td>WCPO</td></tr>
<tr><td>10</td><td>ജോബി ജോർജ്ജ്</td><td>Gr.SI</td></tr>
<tr><td>11</td><td>ഗോപാലകൃഷ്ണൻ</td><td>Gr.SI</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇത്തരത്തിൽ ജീവഹാനി സംഭവിക്കുന്ന സേനാംഗങ്ങളുടെ ആശ്രിതർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>എക്സ് ഗ്രേഷ്യാ ധനസഹായം, പോലീസ് വെൽഫയർ ബ്യൂറോ ധനസഹായം, ആശ്രിത നിയമനം എന്നിങ്ങനെ ആനുകൂല്യങ്ങൾ നൽകി വരുന്നു.</td></tr>
<tr><td>(സി)</td><td>ആശ്രിത നിയമനപ്രകാരം ഇവരിൽ എത്ര പേർക്ക് ഇതിനകം സർക്കാർ ജോലി നൽകുകയുണ്ടായി; അവർ ആരെല്ലാമാണ്;</td><td>(സി)</td><td>ജീവഹാനി സംഭവിച്ച പ്രവീൺ. പി, വിപിൻ, അജേഷ് കെ. വി., രാജാമണി, ബാലു എസ് എന്നിവരുടെ ആശ്രിതർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്.<br><br>സബറുദ്ദീൻ, വിൽസൺ വൈ എന്നിവരുടെ ആശ്രിതരുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. ശ്രീകല, ഗോപാലകൃഷ്ണൻ, അജയകുമാർ, ജോബി ജോർജ്ജ് എന്നിവരുടെ</td></tr>
</table>

| | | | |
|---|---|---|---|
| | | | ആശ്രിതരുടെ അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഉചിത തീരുമാനമെടുക്കാവുന്നതാണ്. |
| (ഡി) | ആശ്രിതരുടെ നിർവചനത്തിൽ ഉൾപ്പെടുന്നത് ആരെല്ലാമാണ്; വ്യക്തമാക്കാമോ? | (ഡി) | മരണപ്പെട്ട ജീവനക്കാരന്റെ വിധവ/വിഭാര്യൻ, അവിവാഹിതരായ മകൻ, മകൾ, ദത്തെടുത്ത മകൻ, ദത്തെടുത്ത മകൾ, വിവാഹത്തിനുശേഷവും ജീവനക്കാരൻ മരണമടയുന്ന സമയത്ത് അദ്ദേഹത്തിന്റെ ആശ്രിതരാണ് എന്ന തഹസിൽദാരുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ വിവാഹിതരായ മകൻ, മകൾ, എന്നിവർക്കും അവിവാഹിതർ / വിവാഹ മോചിതരാണ് ജീവനക്കാരെങ്കിൽ അച്ഛൻ, അമ്മ, അവിവാഹിതരായ സഹോദരങ്ങൾ എന്നിവർക്ക് ഇവർ ജീവനക്കാരനെ ആശ്രയിച്ചാണ് കഴിഞ്ഞത് എന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ആശ്രിതരായി പരിഗണിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ